"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - മലപ്പുറം ജില്ല- പുളിക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലാർക്ക് - ശ്രീ.ഗിരീഷ് കുമാർ ഇ എൻ കെ യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1668/2025/LSGD തീയതി,തിരുവനന്തപുരം, 04-07-2025

---

പരാമർശം:-

1. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.05.2011 ലെ ഡി3/2546/2011(1) നമ്പർ നടപടിക്രമം
2. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12.08.2014ലെ ഡി3-98/2013 നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 10.07.2023ലെ LSGD/JD/MPM/1967/2023-A4 നമ്പർ നടപടിക്രമം
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.07.2024ലെ LSGD/PD/24644/2024-DEC4 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ.ഗിരീഷ് കുമാർ ഇ എൻ കെ -യുടെ പ്രൊബേഷൻ കാലയളവ് 27.05.2014 മുതൽ 02.04.2022 വരെ ദീർഘിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2.പരാമർശം (1) പ്രകാരം മുൻ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ 18.05.2011-ന് ജോലിയിൽ പ്രവേശിച്ച ശ്രീ.ഗിരീഷ് ഇ എൻ കെ യുടെ സേവനം പരാമർശം (2) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ട്. ശ്രീ. ഗിരീഷ് കുമാർ ഇ എൻ കെ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് പരാമർശം (3) പ്രകാരം 27.05.2013 മുതൽ 26.05.2014 വരെ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. ശ്രീ.ഗിരീഷ് ഇ എൻ കെ 31.03.2022 ൽ നടന്ന എം. ഒ.പി പരീക്ഷ പാസ്സായിട്ടുണ്ട്. ടിയാൻ പ്രൊബേഷൻ കാലയളവിൽ 6 ആർജ്ജിതാവധി (പ്രിഫിക്സ്, സഫിക്സ് ഉൾപ്പെടെ പ്രൊബേഷന് കണക്കാക്കാത്ത 9 ദിവസം) ഒഴികെ പ്രൊബേഷൻ കാലയളവിനെ ബാധിക്കുന്ന മറ്റ് ലീവുകൾ ഒന്നും തന്നെ എടുത്തിട്ടില്ലെന്നും ടിയാന്റെ പേരിൽ വിജിലൻസ് കേസോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാന്റെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും പുളിക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും ടിയാൻ GPF, SLI, GIS എന്നിവയിൽ അംഗത്വമെടുത്തിട്ടുണ്ട് എന്നും പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.ഗിരീഷ് കുമാർ ഇ എൻ കെ - യുടെ പ്രൊബേഷൻ 01.04.2022 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുന്ന വിധത്തിൽ ടിയാളുടെ പ്രൊബേഷൻ കാലയളവ്, KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 27.05.2014 മുതൽ 02.04.2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , മലപ്പുറം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി, പുളിക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5. ശ്രീ.ഗിരീഷ് ഇ എൻ കെ , ക്ലർക്ക് , പുളിക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.160/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 04-07-2025 17:10:27
സെക്ഷൻ ഓഫീസർ